# ഭരണഭാഷ - മാതൃഭാഷ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ജൂനിയർ സൂപ്രണ്ട് സമാന തസ്തികയിൽ നിന്നും സ്റ്റേറ്റ് സർവീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന ഉദ്യോഗകയറ്റം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/15755/23/ഡി.ടി.ഇ                                                    തിരുവനന്തപുരം , തീയതി: 14.12.2023

---

വായന:- 05.06.2023 ലെ ഈ കാര്യാലയത്തിലെ ഇജി3/1283/23/ഡിടിഇ നമ്പർ വിജ്ഞാപനം

**ഉത്തരവ്**

സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നുള്ള വിരമിക്കൽ മൂലം 01.12.2023 ൽ ടി തസ്തികയിൽ ഒരു ഒഴിവ് വകുപ്പിൽ സംജാതമായിരുന്നു.

സീനിയർ സൂപ്രണ്ട് തസ്തികയുടെ 2023 വർഷത്തെ ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹരായ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി കൊണ്ട് വായന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ ഒഴിവ് വന്നിട്ടുള്ള സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടുള്ള അപേക്ഷകർ ഇക്കൊല്ലത്തെ "സ്പാർക്ക്" പൊതു സ്ഥലംമാറ്റ റാങ്ക് പട്ടികയിലില്ല.

മേൽ സാഹചര്യത്തിൽ വായന വിജ്ഞാപനത്തിൽ ഉൾപ്പെട്ട ജൂനിയർ സൂപ്രണ്ട് സമാന തസ്തികയിലെ ഉദ്യോഗസ്ഥക്ക്, 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭാഗം II പൊതു ചട്ടം 28 (b) (ii) പ്രകാരം, സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സ്റ്റേറ്റ് സർവ്വീസിലെ ₹ 51400 - 110300 വേതന നിരക്കിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന താൽക്കാലിക ഉദ്യോഗക്കയറ്റവും, നിയമനവും ചുവടെ പ്രകാരം അനുവദിക്കുന്നു.

***<u>സീനിയർ സൂപ്രണ്ട് - ഉദ്യോഗകയറ്റം</u>***

| വായന സെലക്റ്റ് പട്ടികയിലെ ക്രമ നം. | പേര്,തസ്തിക, നിലവിലെ സ്ഥാപനം,പെൻ | ഉദ്യോഗകയറ്റം അനുവദിക്കുന്ന തസ്തികയും, സ്ഥാപനവും |
|---|---|---|
| 18 | ശ്രീമതി.മിനിമോൾ.എസ്.കെ<br>ജൂനിയർ സൂപ്രണ്ട്<br>രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നോളജി,കോട്ടയം<br>പെൻ - 382773 | സീനിയർ സൂപ്രണ്ട്<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, പുറപ്പുഴ<br>(ശ്രീ.പ്രസാദ്.എൻ.കെ വിരമിച്ച ഒഴിവ്) |

ഉദ്യോഗക്കയറ്റം സിദ്ധിച്ച ഉദ്യോഗസ്ഥ ടി ഉദ്യോഗക്കയറ്റ തസ്തികയിലെ തുടർച്ചയായ ഒരു വർഷത്തിനുള്ളിലെ ആറ് മാസത്തെ സേവനം ടി തസ്തികയിലെ നിരീക്ഷണകാലയളവായി പൂർത്തിയാക്കേണ്ടതാണ്.

ടി പട്ടികയിലുൾപ്പെട്ട ഉദ്യോഗസ്ഥയെ സ്ഥാപന മേധാവി യഥാസമയം വിടുതൽ ചെയ്യു, അവരുടെ വിടുതൽ - ചേരുംകാലം ഈ കാര്യാലയത്തിൽ ഡിഡിഎഫ്എസ് വഴി മാത്രം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

1.സി.എ,ഡയറക്ടർ
2.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
3.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (ഡിടിഇ വെബ് സൈറ്റ് വഴി)
4.ബന്ധപ്പെട്ട ഉദ്യോഗസ്ഥ (ബന്ധപ്പെട്ട സ്ഥാപന മേധാവി മുഖേന)

Draft #21 of File ED1/15755/23/DTE Approved by Director (in-charge) on 14-Dec-2023 01:20 PM - Page 1

5.അക്കൌണ്ടൻറ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം,കോട്ടയം ശാഖ
6.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
7.സൂപ്രണ്ട്,ജീവനക്കാര്യം (ജി),ഡിടിഇ (ഡിഡിഎഫ്എസ് വഴി)
8.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 14.12.2023
Reason: Approved

Draft #21 of File ED1/15755/23/DTE Approved by Director  (in-charge) on 14-Dec-2023 01:20 PM - Page 2

The document is digitally approved. Hence signature is not needed.